## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 536 — 12.06.2012 ൽ മറുപടിയ്ക്ക്

## വനം വകുപ്പ് ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം

| ചോദ്യം<br>ശ്രീ. വി. ശശി | മറുപടി<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
|---|---|
| (എ) വന സമ്പത്ത് കാത്തു സൂക്ഷിക്കുവാൻ വനം വകുപ്പിൽ ഏതൊക്കെ വിഭാഗം ഉദ്യോഗസ്ഥരാണ് സേവനമനുഷ്ഠിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) വാച്ചർ, ഫോറസ്റ്റ് ഗാർഡ്, ഫോറസ്റ്റർ, ഡെപ്യൂട്ടി റെയിഞ്ചർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നീ വിഭാഗം ഉദ്യോഗസ്ഥരാണ് ഫീൽഡിൽ സേവനം അനുഷ്ഠിച്ചുവരുന്നത്. |
| (ബി) പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർക്ക് എന്തൊക്കെ ആധുനിക ഉപകരണങ്ങളാണ് കൃത്യനിർവ്വഹണത്തിനായി നൽകിയിട്ടുള്ളത് ; | (ബി) വന സംരക്ഷണ പ്രവർത്തനങ്ങൾക്കായി സംരക്ഷണ വിഭാഗം ജീവനക്കാരുടെ കൃത്യനിർവഹണത്തിനുവേണ്ടി ഫോറസ്റ്റ് സ്റ്റേഷനുകളിലേയ്ക്കും റെയിഞ്ചുകളിലേയ്ക്കും റൈഫിൾ, റിവോൾവർ എന്നിവ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. കൂടാതെ മൊബൈൽ ഫോൺ, വയർലസ് സെറ്റ്, ബൈനോക്കുലർ, നൈറ്റ് വിഷൻ ഉപകരണം, ജി.പി.എസ്., റെയിഞ്ച് ഫൈൻഡർ, സെർച്ച് ലൈറ്റ്, ക്യാമറ എന്നീ ആധുനിക ഉപകരണങ്ങളും ആവശ്യാനുസരണം നൽകിയിട്ടുണ്ട്. |
| (സി) വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ഓഫീസുകൾക്കും നേരെ ഉണ്ടാകുന്ന കയ്യേറ്റങ്ങൾ ഫലപ്രദമായി തടയുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്? | (സി) നിയമലംഘനങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ടെങ്കിൽ അവ ഫലപ്രദമായി തടയുന്നതിന് വനസംരക്ഷണ സേനയുടെ സേവനവും ആവശ്യമെങ്കിൽ പോലീസ് സേനയുടെ സഹായവും പ്രയോജനപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ